"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - മലപ്പുറം ജില്ലയിലെ കടലുണ്ടിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണം - ഭൂമി ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം നൽകുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.50/2026/PWD തിരുവനന്തപുരം, തീയതി,14-01-2026

---

പരാമർശം:-

1. 05.05.2025 തീയതിയിലെ സ.ഉ.(സാധാ)നമ്പർ.651/2025/PWD
2. 04.06.2025 തീയതിയിലെ സ.ഉ.(സാധാ)നമ്പർ.798/2025/PWD
3. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 26.11.2025 തീയതിയിലെ CEPWD/8517/2023-FR10-PWD നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കടലുണ്ടിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിനായി സ്ഥലം വിട്ടുനൽകിയ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പരാമർശം (1,2) ഉത്തരവുകൾ പ്രകാരം 30,99,532/- രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80-PV എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) മലപ്പുറം ജില്ലയിലെ കടലുണ്ടിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിനായി സ്ഥലം വിട്ടുനൽകിയ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 31/12/2025 വരെയുള്ള പലിശ കണക്കാക്കുമ്പോൾ 54,457/- രൂപ അധികമായി ആവശ്യമുണ്ടെന്നും മുൻപ് ഭരണാനുമതി നൽകിയ 30,99,532/- രൂപയോടൊപ്പം നിലവിൽ അധികമായി അവശ്യമുള്ള 54,457/- രൂപയും കൂടി ചേർത്ത് ആകെ 31,53,989/- രൂപയുടെ പുതുക്കിയ

ഭരണാനുമതി **5054-04-337-80-PV** ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കടലുണ്ടിക്കടവ് പാലം അനുബന്ധ റോഡ് നിർമ്മാണത്തിനായി സ്ഥലം വിട്ടുനൽകിയ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി മുൻപ് ഭരണാനുമതി നൽകിയ **30,99,532/-**രൂപയോടൊപ്പം നിലവിൽ അധികമായി അവശ്യമുള്ള **54,457/-** രൂപയും കൂടി ചേർത്ത് ആകെ **31,53,989/-** (മുപ്പത്തൊന്നു ലക്ഷത്തി അമ്പത്തി മൂവായിരത്തി തൊള്ളായിരത്തി എൺപത്തി ഒമ്പത് രൂപ മാത്രം) രൂപയുടെ പുതുക്കിയ ഭരണാനുമതി **5054-04-337-80- PV** എന്ന ശീർഷകത്തിൽ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SUJITHA KUMARI S S**

ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ),കേരള,തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ)ഐ&പി.ആർ.ഡി

ധനകാര്യ വകുപ്പ്

കരുതൽ ഫയൽ - **D1/702/2025-PWD**

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 14-01-2026 17:11:43

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു,പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ് - ന്

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ സി.എ - യ്ക്ക്